**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

ഇന്ന് നാം ശ്രദ്ധിക്കാതെ പോകുന്ന ഏറ്റവും വലിയ സങ്കടം, നമ്മുടെ ആരാധനകൾ, പരിപാടികൾ, മതപ്രഭാഷണങ്ങൾ, പള്ളി പരിപാലനങ്ങൾ എല്ലാം കേവലം ചടങ്ങുകളായിക്കൊണ്ടിരിക്കുകയാണ് എന്നതാണ്. പ്രകടനങ്ങൾക്കു വേണ്ടിയോ മറ്റുള്ളവരെ ബോധിപ്പിക്കാനോ മത്സരത്തിനോ വേണ്ടിയാണ് ഇതെല്ലാം നാം ചെയ്തുപോരുന്നത്.

കൂട്ടുകാർക്കൊപ്പം കളിക്കുമ്പോൾ കുട്ടികൾ മണ്ണുകൊണ്ട് ഉണ്ടാക്കുന്ന പുട്ടിനെയും അവർ പുട്ട് എന്നു വിളിക്കാറുണ്ട്. പേരിൽ മാത്രം അത് പുട്ടാണ്. അതുപോലെയായിരിക്കുന്നു നമ്മുടെ ഇബാദത്തുകൾ. പേരിൽ നിസ്കാരം, വഅ്ള്, നോമ്പ് എന്നൊക്കെ നാം പറയാറുണ്ട്. അതെല്ലാം യഥാർത്ഥ നിസ്കാരവും നോമ്പും ഹജ്ജുമെല്ലാം ആവുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. അതിന്റെയെല്ലാം ആത്മാവ് നഷ്ടപ്പെട്ടിട്ടുണ്ട്.

ഇഖ്‌ലാസോട് കൂടെ ഇബാദത്ത് ചെയ്യാനേ അല്ലാഹു കൽപിച്ചിട്ടുള്ളൂ.

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ ۚ وَذَٰلِكَ دِينُ الْقَيِّمَةِ (بينة ٥)

ഇഖ്‌ലാസ് എന്നാൽ എന്താണ്?

നാം നിസ്കാരത്തിൽ നിയ്യത്ത് വെക്കുന്നത് أصلي لله تعالى എന്നാണ്. നാം നിസ്കരിച്ചാൽ അല്ലാഹുവിന് നേട്ടമോ നിസ്കരിച്ചില്ലെങ്കിൽ കോട്ടമോ ഉണ്ടാവുന്നില്ല. അപ്പോൾ നമ്മുടെ നിസ്കാരം അല്ലാഹുവിന് വേണ്ടി എന്ന് പറയുമ്പോൾ അത് അല്ലാഹുവിനെ അറിയാൻ വേണ്ടിയാണ്. എന്നാൽ നമ്മുടെ നിസ്കാരത്തിലോ ഇബാദത്തുകളിലോ നാം അല്ലാഹുവിനെക്കുറിച്ച് ചിന്തിക്കുന്നു പോലുമില്ല.

ഖിയാമത്ത് നാളിന്റെ അടയാളമായി തിരുനബി (സ്വ) പറയുന്നുണ്ട്

عن علي بن ابي طالب (ر) قال: قال رسول الله (صلعم) : يوشك ان يأتي على الناس زمان لا يبقى من الإسلام إلا اسمه ولا من القرآن إلا رسمه، مساجدهم يومئذ عامرة وهي خراب من الهدى، علماؤهم شر من تحت أديم السماء من عندهم نجم الفتنة وإليهم تعود.

നിസ്കാരത്തിന്റെയും നോമ്പിന്റെയുമെല്ലാം കോലവും രൂപവും ഉണ്ടാവും. എന്നാൽ അതിന്റെ ആത്മാവ് ഉണ്ടാവൂല. പാവങ്ങൾക്ക് നാം ഒരു പൊതുവേദിയിൽ വെച്ച് ഒരു കവർ കൊടുക്കുകയാണെങ്കിൽ അതിൽ കാശ് ഉണ്ടാവണം. അതില്ലെങ്കിലും ആളുകൾ നമ്മെക്കുറിച്ച് വലിയത് പറയും. എന്നാൽ വാങ്ങിയ ആളെ പരിഹസിക്കലാണ് അത്. അതുപോലെ അല്ലാഹുവിന് നാം കൊടുക്കേണ്ടത് നമ്മുടെ ഇഖ്‌ലാസ് ആണ്. അതില്ലാതെ ഇബാദത്ത് ചെയ്താൽ ആളുകൾ വലിയത് പറയുമെങ്കിലും അത് അല്ലാഹുവിനെ പരിഹസിക്കലാണ്.

അപ്പോൾ നമ്മുടെ ആരാധനകളിൽ അല്ലാഹുവിനോടുള്ള ഇശ്ഖും മഹബ്ബത്തും ഉണ്ടാവണം.

തിരുനബി (സ്വ) മക്കയിൽ വന്ന് ആദ്യം ചെയ്തത് ജനങ്ങളിൽ അല്ലാഹുവിലുള്ള വിശ്വാസവും സ്നേഹവും ആരാധനയും ഊട്ടിയുറപ്പിക്കുക എന്നതാണ്. അത് ശരിയായാൽ മാത്രമാണ് നിസ്കാരവും നോമ്പുമെല്ലാം സ്വീകരിക്കപ്പെടുന്നത്.

ഈ സ്നേഹവും ആരാധനയും ഉണ്ടാക്കിക്കൊടുത്താൽ പിന്നെ വിധിവിലക്കുകൾ ലംഘിക്കാൻ ആളുകൾ തയ്യാറാവുകയില്ല. വിശ്വാസം ഊട്ടിയുറപ്പിച്ച ശേഷമാണ് മദ്യപാനം നിരോധിക്കുന്നത്. അത് അനുസരിക്കാൻ ആളുകൾക്ക് മടിയുണ്ടായിരുന്നില്ല. ഇതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണ് തിരുനബി (സ്വ)യുടെ കാലത്ത് ഉണ്ടായ മദ്യനിരോധനം. നിരോധനാജ്ഞ വ

**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

ന്നയുടൻ ത്വൽഹ (റ) അടക്കമുള്ള പ്രമുഖ മദ്യവിൽപനക്കാരെല്ലാം അവരുടെ വീപകൾ ഒഴു ക്കിക്കളഞ്ഞു എന്നു ചരിത്രത്തിൽ കാണാം. ആദ്യം ഈമാൻ ഉറച്ചതിനാലാണ് ഇതിന് അവർക്ക് സാധിക്കുന്നത്.

الإيمان هو اليقين والمحبة എന്നാണ്. ഈ يقين ഉണ്ടാക്കിക്കൊടുക്കാൻ തിരുനബി (സ്വ) പതിറ്റാണ്ടു കൾ പണിയെടുത്തിട്ടുണ്ട്.

മുഹ്‌യിദ്ദീൻ ശൈഖ് പ്രബോധനഗോഥയിൽ ഇറങ്ങിയപ്പോൾ പറഞ്ഞത് ഇവിടെ സ്ഥാപനങ്ങളും പള്ളികളുമെല്ലാം ഒരുപാട് ഉണ്ടെങ്കിലും ദീൻ മരിച്ചിരിക്കുന്നു എന്നാണ്. അതിനെ അദ്ദേഹം ആ ത്മീയത നൽകി ജീവിപ്പിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ പേര് വന്നത്.

ഇബാദത്തിന്റെ കോലങ്ങളെക്കാൾ അതിന്റെ ആത്മാവിലേക്കാണ് നാം ശ്രദ്ധിക്കേണ്ടത്.

അഞ്ചു വഖ്ത് നിസ്കാരത്തെക്കുറിച്ച് അല്ലാഹു പറയുന്നത്

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي (سورة طه ١٤)

നോമ്പിനെ കുറിച്ച്

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (سورة البقرة ١٨٣)

സകാത്തിനെ കുറിച്ച്

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَاتَكَ سَكَنٌ لَّهُمْ ۗ وَاللَّهُ سَمِيعٌ عَلِيمٌ (سورة التوبة ١٠٣)

ഹജ്ജ്,

الْحَجُّ أَشْهُرٌ مَّعْلُومَاتٌ ۚ فَمَن فَرَضَ فِيهِنَّ الْحَجَّ فَلَا رَفَثَ وَلَا فُسُوقَ وَلَا جِدَالَ فِي الْحَجِّ ۗ وَمَا تَفْعَلُوا مِنْ خَيْرٍ يَعْلَمْهُ اللَّهُ ۗ وَتَزَوَّدُوا فَإِنَّ خَيْرَ الزَّادِ التَّقْوَىٰ ۚ وَاتَّقُونِ يَا أُولِي الْأَلْبَابِ (البقرة ١٩٧)

എല്ലാം അല്ലാഹുവിനു വേണ്ടിയും അവനെ സൂക്ഷിക്കുന്നതിനും നമ്മുടെ ഹൃദയശുദ്ധിക്കും വേണ്ടിയാണെന്നു സാരം.

ശഹാദത്തിലൂടെ നാം നമ്മുടെ മനസ്സ് അല്ലാഹുവിന് കൊടുത്തു, നിസ്കാരത്തിലൂടെ ശരീരവും നോമ്പിലൂടെ ഭക്ഷണവും സുഖങ്ങളും കൊടുത്തു. എല്ലാം അല്ലാഹുവിന് സമർപിക്കാൻ തയ്യാ റുള്ള നാം പിന്നെ ഹജ്ജിന് പോകുമ്പോൾ നമ്മുടെ യുക്തിയും അവന് സമർപിക്കുകയാണ്. ഇ വിടെയെല്ലാം ഇഖ്‌ലാസ് ഉണ്ടാകുമ്പോഴാണ് ഇതെല്ലാം സ്വീകരിക്കപ്പെടുന്നത്.

രണ്ടു സുജൂദുകൾക്കിടയിൽ 7 കാര്യങ്ങൾ നാം ചോദിക്കുന്നുണ്ട്.

ربّ اغفر لي وارحمني واجبرني وارفعني واهدني وعافني وارزقني

നാല് റക്അത്തുകളിലായി 28 കാര്യങ്ങൾ നാം ചോദിച്ചു. ഇതിൽ ഒന്നു പോലും നാം മനസ്സ റിഞ്ഞ് ചോദിക്കുന്നില്ല.

**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

ഭാര്യയുമായി ബന്ധപ്പെടുമ്പോൾ മറ്റാരെയെങ്കിലും ആലോചിക്കുന്നത് പ്രഹസനമല്ലേ. അതുപോലെ തന്നെ അല്ലാഹുവുമായി സംഭാഷണം നടത്തുമ്പോൾ മറ്റു കാര്യങ്ങൾ ആലോചിക്കുന്നത് എത്ര വലിയ പ്രഹസനമാണ്.

ഫാത്തിഹയിൽ നാം പറയുന്നു: إياك نعبد. അല്ലാഹുവേ നിന്നെ മാത്രം ഞാൻ ആരാധിക്കുന്നു. അഥവാ നിനക്ക് മാത്രം ഞാൻ അടിമപ്പെടുന്നു. എന്നാൽ ഇന്ന് നാം മറ്റു പലതിന്റെയും അടിമകളാണ്.

തിരുനബി (സ്വ) പറയുന്നു:

عن أبي هريرة(ر) قال: قال رسول الله ﷺ :تعس عبد الدينار والدرهم والقطيفة والخميصة، إنْ أُعطِي رضي، وإن لم يُعطَ لم يرضَ - رواه البخاري.

ഭൗതികമായ പലതിന്റെയും അടിമകളാകുന്നു നാം. കാറിന്റെയും വീടിന്റെയും പറമ്പിന്റെയും അടിമകളാവുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ഉടമസ്ഥതയിലുള്ള ഇവയുടെ സൂക്ഷിപ്പുകാർ മാത്രമാണ് നാം. എന്നാൽ നമ്മുടെ മനസ്സിനെയും ശ്രദ്ധയെയും അവ കീഴ്പ്പെടുത്തുന്നു. നിസ്കാരത്തിലും മറ്റു ഇബാദത്തിലുമെല്ലാം നമ്മുടെ ശ്രദ്ധ സമ്പത്തിലേക്കാണ്.

ഒരാൾ പൊട്ടിക്കരഞ്ഞുകൊണ്ട് അല്ലാഹുവോട് ദുആ ചെയ്യുന്നത് ബഹുമാനപ്പെട്ട മൂസാ നബി (അ) കണ്ടപ്പോൾ അദ്ദേഹത്തെ പോലെ എന്റെ ഉമ്മത്തിലെ എല്ലാവരെയും ആക്കണേ എന്ന് ദുആ ചെയ്യുകയുണ്ടായി. അല്ലാഹുവിന്റെ മറുപടി ഇങ്ങനെയായിരുന്നു:

ومر موسى عليه السلام برجل وهو يبكي ورجع وهو يبكي، فقال موسى: يا رب عبدك يبكي من مخافتك فقال: يا ابن عمران لو سال دماغه مع دموعه عينيه ورفع يديه حتى يسقطا لم أغفر له وهو يحب الدنيا .(إحياء علوم الدين/كتاب ذم الدنيا)

മനസ്സിൽ അല്ലാഹുവോടുള്ള ഹുബ്ബ് വന്നാൽ ദുൻയാവിനോടുള്ള വെറുപ്പ് തുടങ്ങും. അവൻ പെണ്ണ് കെട്ടിയാൽ ശരിയാകും എന്ന് നാം സാധാരണ പറയാറുണ്ട്. ഭാര്യയോടുള്ള ഹുബ്ബ് വന്നാൽ പിന്നെ പുകവലിയോടും മദ്യപാനത്തോടുമുള്ള വെറുപ്പ് വരുന്നത് പോലെ.

തിരുനബി (സ്വ) പറയുന്നു:

روى ابن ماجة عَنْ ثَوْبَانَ رضي الله عنه عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ : ( لَأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا ، فَيَجْعَلُهَا اللَّهُ عَزَّ وَجَلَّ هَبَاءً مَنْثُورًا . قَالَ ثَوْبَانُ : يَا رَسُولَ اللَّهِ صِفْهُمْ لَنَا جَلِّهِمْ لَنَا ، أَنْ لَا نَكُونَ مِنْهُمْ وَنَحْنُ لَا نَعْلَمُ . قَالَ : أَمَا إِنَّهُمْ إِخْوَانُكُمْ وَمِنْ جِلْدَتِكُمْ وَيَأْخُذُونَ مِنْ اللَّيْلِ كَمَا تَأْخُذُونَ ، وَلَكِنَّهُمْ أَقْوَامٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا

വഅള് മജ്‌ലിസും മറ്റും സംഘടിപ്പിക്കുന്നവർ തന്നെ നിസ്കാരം ശരിയാം വണ്ണം നിർവഹിക്കാതിരിക്കുന്നു.

قَدْ أَفْلَحَ الْمُؤْمِنُونَ (1) الَّذِينَ هُمْ فِي صَلَاتِهِمْ خَاشِعُونَ (٢) – سورة المؤمنون

അതോടൊപ്പം ഒരു കാര്യവും കൂടി അല്ലാഹു പറയുന്നു:

**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

وَالَّذِينَ هُمْ عَنِ اللَّغْوِ مُعْرِضُونَ(3) - سورة المؤمنون

നിസ്കാരവും നോമ്പുമെല്ലാം ഉണ്ടാവുകയും അതോടൊപ്പം കളി തമാശകളിൽ നിന്ന് വിട്ടുനിൽക്കുകയും വേണം.

وَإِذَا أَنْعَمْنَا عَلَى الْإِنسَانِ أَعْرَضَ وَنَأَىٰ بِجَانِبِهِ ۖ وَإِذَا مَسَّهُ الشَّرُّ كَانَ يَئُوسًا (الإسراء ٨٣)

അനുഗ്രഹം ചെയ്തുകൊടുത്താൽ അവൻ അതിൽ സുഖിച്ച് ജീവിക്കും. പ്രയാസങ്ങളിൽ മാത്രം അല്ലാഹുവിനെ വിളിക്കുകയും ചെയ്യും.

നമ്മുടെ ഭൗതികമായ നേട്ടങ്ങൾക്കുള്ള ഒരു മാധ്യമമായി മാത്രം അല്ലാഹുവിനെ കാണുന്നു നാം.

സത്യത്തിൽ നമ്മെ സൃഷ്ടിച്ചതുകൊണ്ട് അല്ലാഹു ഉദ്ദേശിച്ചത് അവനെ നാം അറിയാനാണ്. وما خلقت الجن والإنس الا ليعبدون الا ليعرفون എന്നതിന് ഇബ്നു അബ്ബാസ് (റ) കൊടുത്ത തഫ്സീർ എന്നാണ്.

എന്നാൽ നാം അവനെക്കൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ ഭൗതിക വിഭവ സമാഹാരം. ഇത് വൈരുധ്യമാണ്.

ഇന്ന് പള്ളികളിലേക്ക് പോലും പലരും പോകുന്നത് എന്റെ റബ്ബുമായി സംസാരിക്കാൻ എന്ന ആഗ്രഹത്തിൽ അല്ല. മറിച്ച്, എല്ലാവരെയും ഒന്ന് കാണാല്ലോ എന്ന് കരുതിക്കൊണ്ടാണ്. പള്ളികളുടെ മോടിയും ഭംഗിയുമെല്ലാം അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിൽ നിന്ന് വ്യതിചലിച്ചിരിക്കുന്നു.

إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللَّهَ ۖ فَعَسَىٰ أُولَٰئِكَ أَن يَكُونُوا مِنَ الْمُهْتَدِينَ (توبة ١٨)

ഇവിടെ وَلَمْ يَخْشَ إِلَّا اللَّهَ എന്നത് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് നിസ്കരിക്കുകയും നോമ്പ് അനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവരാണ് പള്ളികളെ നിബിഢമാക്കേണ്ടത്.

മുഹ് യിദ്ദീൻ ശൈഖ് പറഞ്ഞതായി കാണാം, നീ لا اله الا الله എന്ന് പറയുമ്പോഴും ഹൃദയത്തിന്റെ ഉള്ളിൽ ആയിരം ദൈവങ്ങൾ നിനക്കുണ്ട്. നമ്മുടെ ഭാര്യ, കുടുംബം, കമ്പനി, നാട് എല്ലാം നാം പൂജിക്കുന്നവരായിട്ടുണ്ട്. നാം കൈ കെട്ടി وجهت وجهي للذي എന്നു പറയുമ്പോൾ അത് മനസ്സു കൊണ്ട് തന്നെ പറയാൻ സാധിക്കണം. എന്റെ ജീവിതവും മരണവും അല്ലാഹുവിനുള്ളതാണ് എന്നു നാം മനസ്സിൽ ഉറപ്പിച്ചു പറയണം.

ഭാരമുള്ള ഒരു കട്ടിൽ നീക്കാൻ നാം മൂന്നോ നാലോ ആളുകളെ വിളിക്കാറുണ്ട്. എല്ലാവരും കൂടി ഒരുമിക്കുമ്പോഴാണ് അത് ഭാരമാകാതിരിക്കുന്നത്. അതുപോലെ നമ്മുടെ നിസ്കാരത്തെ നമ്മുടെ ശരീരത്തിന് മാത്രം ഏൽപിച്ചുകൊടുക്കാതെ റൂഹിനെയും ഖൽബിനെയും കൂടി അതിൽ ഉൾപെടുത്തിയാലെ അത് വേണ്ട രീതിയിൽ നടക്കൂ.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَى رَبِّهِمْ يَتَوَكَّلُونَ* الَّذِينَ يُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ* أُوْلَئِكَ هُمُ الْمُؤْمِنُونَ حَقًّا

**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

ഈമാൻ വർദ്ധിക്കുകയും കുറയുകയും ചെയ്യുന്നു എന്ന് ഈ ആയത്ത് നമ്മെ ബോധ്യപ്പെടുത്തുന്നു.

നാം പലപ്പോഴും നമ്മുടെ ശുഗറും പ്രഷറും പരിശോധിക്കാറുണ്ട്. മുമ്പത്തെക്കാൾ എന്തു മാറ്റമാണുള്ളത് എന്നറിയാൻ നമുക്കാഗ്രഹമാണ്. എന്നാൽ കൂടിയും കുറഞ്ഞുമിരിക്കും എന്ന് തിരുനബി (സ്വ) പറഞ്ഞ ഈമാനിന്റെ അവസ്ഥ നാം പരിശോധിക്കാറില്ല. മുൻ വർഷത്തെക്കാൾ എന്തു മാറ്റമാണ് എന്റെ ഈമാനിന് വന്നിട്ടുള്ളത് എന്ന് നാം പരിശോധിക്കേണ്ടതുണ്ട്.

الدين يُسْرٌ എന്നാണ് പറയാറുള്ളത്.

തിരുനബി (സ്വ) വന്നതു തന്നെ നമ്മിൽ നിന്ന് ഭാരം ഇറക്കിവക്കാനാണ്.

وَيَضَعُ عَنْهُمْ إِصْرَهُمْ وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ ۚ (سورة الأعراف ١٥٧)

എന്നിട്ടും ഇത് നമുക്ക് പ്രയാസമായി അനുഭവപ്പെടുന്നത് നാം മനസ്സറിഞ്ഞ് താൽപര്യത്തോടെ ചെയ്യാത്തത് കൊണ്ടാണ്.

തിരുനബി (സ്വ)യുടെ അടുത്ത് നിന്ന് ആത്മീയത വേണ്ടുവോളം ആസ്വദിച്ച് വീട്ടിലെത്തുമ്പോഴേക്ക് അതിന്റെ ഗൗരവം നഷ്ടപ്പെടുന്നു എന്ന് ഹൻളല (റ) പോലും പേടിച്ചിരുന്നു.

عن حنظلة الأسيدي قال: وكان من كتاب رسول الله صلى الله عليه وسلم قال: لقيني أبو بكر فقال كيف أنت يا حنظلة؟ قال: قلت: نافق حنظلة إقال: سبحان الله، ما تقول؟ قال: قلت: نكون عند رسول الله صلى عليه وسلم يذكرنا بالنار والجنة حتى كأنا رأي عين، فإذا خرجنا من عند رسول الله صلى الله عليه وسلم عافسنا الأزواج والأولاد والضيعات فنسينا كثيراً. قال أبو بكر :فوالله إنا لنلقى مثل هذا، فانطلقت أنا وأبو بكر حتى دخلنا على رسول الله صلى الله عليه وسلم، قلت: نافق حنظلة يا رسول الله، فقال رسول الله صلى الله عليه وسلم" : وما ذاك؟ ".قلت: يا رسول الله نكون عندك تذكرنا بالنار والجنة، حتى كأنا رأي عين، فإذا خرجنا من عندك عافسنا الأزواج والأولاد والضيعات نسينا كثيراً، فقال رسول الله صلى الله عليه وسلم " :والذي نفسي بيده؛ إن لو تدومون على ما تكونون عندي وفي الذكر لصافحتكم الملائكة على فرشكم، وفي طرقكم، ولكن يا حنظلة ساعة وساعة ثلاث مرات". رواه البخاري .

الَّذِينَ يُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَهُم بِالْآخِرَةِ هُمْ يُوقِنُونَ – نمل ٣

وَالَّذِينَ يُؤْمِنُونَ بِمَا أُنزِلَ إِلَيْكَ وَمَا أُنزِلَ مِن قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ – البقرة ٤

ഈമാൻ എന്നാൽ ഉറപ്പുണ്ടാകണം. ഇന്ന് വിശ്വാസത്തെ നാം ഉറപ്പ് എന്ന അർത്ഥത്തിൽ അല്ല കാണുന്നത്. ഈമാൻ എന്നതിന് വിശ്വാസം എന്ന പരിഭാഷയെക്കാൾ ഉപരി ഉറപ്പ് എന്ന അർത്ഥം വരണം. ഇത് സുലൈമാൻ ഹാജിയുടെ വീടാണെന്നാണ് എന്റെ വിശ്വാസം എന്ന് നാം പറയുമ്പോൾ നമുക്കതിൽ ഉറപ്പില്ല എന്നാണ്. സത്യത്തിൽ വിശ്വാസം ഉറപ്പിലേക്കെത്തുമ്പോഴാണ് ഉണ്ടാവേണ്ടത്. അല്ലാഹുവിന്റെ ശിക്ഷയിലും കൂലിയിലും ഉറപ്പുള്ളവരാണ് മുഅ്മിനുകൾ. അവരുടെ ആരാധനക്ക് അതിന്റെ ഫലം കാണും. അത് കേവലം പ്രകടനമാവുകയില്ല.

**HADIA CSE Khutba Notes (01.02.2019)**

ആരാധനകൾ ചടങ്ങുകളാകരുത്

**ഖുതുബ നോട്ട്സ്**


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: +91 94474 18451**